ന്നതിനുള്ള ശ്രമങ്ങൾ ഏറെ നടന്നിട്ടും പിഴവുകൾ എവിടെയെല്ലാമാണ് സംഭവിച്ചതെന്ന് നേരിൽ വിലയിരുത്തുന്നതിനും യാത്ര ശ്രമിച്ചുകൊണ്ടിരിക്കുന്നു. പാരിസ്ഥിതികമായ കരുതലും സുസ്ഥിരതയുമെല്ലാം നഗരങ്ങളിലെ പരിസ്ഥിതിപ്രവർത്തകരുടെ മാത്രം വിഷയമാണെന്ന് ചില മലയോരനിവാസികളും പശ്ചിമഘട്ടത്തിന്റെ താഴ്‌വരകളിലുള്ളവരെല്ലാം കാട് മുടിക്കുന്നവരാണെന്ന് ചില പരിസ്ഥിതി പ്രവർത്തകരും ഏകപക്ഷീയമായി വിശ്വസിച്ചതിലൂടെ സൃഷ്ടിക്കപ്പെട്ട വിള്ളൽ നയതന്ത്രജ്ഞതയോടെ പരിഹരിക്കുന്നതിനും യാത്ര താത്പര്യമെടുക്കുന്നുണ്ട്.

പശ്ചിമഘട്ട സംരക്ഷണാർത്ഥം സമാനമായ ഒരു പദയാത്ര കാൽനൂറ്റാണ്ട് മുമ്പ് കന്യാകുമാരിയിൽ നിന്നും മഹാരാഷ്ട്രയിലെ നവാപൂരിലേക്കുള്ള ദൂരം നടന്നുതീർത്തിരുന്നു. കാട് കാടായിത്തന്നെ തുടരേണ്ടതുണ്ടെന്ന ബോധ്യത്തെ ജനമനസ്സുകളിൽ കുടിയിരുത്തുന്നതിൽ കാട് നാടായി മാറിക്കൊണ്ടിരുന്ന കാലത്ത് നടന്ന ആ യാത്ര വലിയ പങ്കുവഹിച്ചു. എന്നാൽ മാറിയ ലോകസാഹചര്യത്തിൽ പശ്ചിമഘട്ടത്തിലെ സംരക്ഷിത പ്രദേശങ്ങൾക്ക് അകത്തും പുറത്തുമുള്ള വിഭവസമ്പത്തിൽ കണ്ണുവച്ച പുത്തൻ വികസനവാദക്കാർ കൂടുതൽ രൂക്ഷമായ പ്രതിസന്ധികൾ ഈ മേഖലയിൽ സൃഷ്ടിച്ചുതുടങ്ങിയിരിക്കുന്നു. അനിയന്ത്രിതവും അനധികൃതവുമായ ഖനനങ്ങളുടെ ഒരു നിരയായി പശ്ചിമഘട്ടത്തിന്റെ ചരിവുകൾ മാറുകയാണ്. ദുരിതബാധിതരായിത്തീർന്ന പ്രകൃതിയും മനുഷ്യനും വിഭവചൂഷകരുമായി കൈകോർത്തിരിക്കുന്ന ഭരണകൂടങ്ങൾക്കുള്ളിൽ കൂടുതൽ നിസ്സഹായരായിത്തീർന്നിരിക്കുന്നു. കാൽനൂറ്റാണ്ടിന് ശേഷം നടക്കുന്ന ഒരു യാത്ര ഈ സങ്കീർണ്ണതകളെക്കൂടി അഭിസംബോധന ചെയ്തുകൊണ്ട് മുന്നോട്ട് പോവുകയാണ്. അങ്ങനെ ജനങ്ങളുടെ വാക്കുകളെ നേരിൽ പകർത്തി, പശ്ചിമഘട്ടം കണ്ടറിഞ്ഞ് ഏപ്രിൽ 12ന് കാസർഗോഡ് നിന്നും കാൽനടയായി യാത്രതിരിച്ച സംവാദയാത്രികർ പകുതി വഴിയിൽ വച്ച് തങ്ങളുടെ പുതിയ ശ്രമത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ കേരളീയവുമായി പങ്കുവയ്ക്കുന്നു. ■

# സംവാദം നഗരങ്ങളിൽ മാത്രമായി നടക്കേണ്ടതല്ല

**എൻ.എ. നസീർ**

**(വന്യജീവി ഫോട്ടോഗ്രാഫർ, സംവാദ യാത്രാ കോ – ഓർഡിനേറ്റർ)**

26 വർഷം മുമ്പ് നടന്ന പശ്ചിമഘട്ട യാത്രയിൽ പങ്കെടുത്തയാളാണ് ഞാൻ. ആ യാത്രയിലൂടെയാണ് ഞാൻ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമാകുന്നത്. എന്നാൽ അന്നത്തെ യാത്രയിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ് ഈ പശ്ചിമഘട്ട സംവാദ യാത്ര. കാട്ടിനുള്ളിലൂടെ നടന്ന് കാടിനെയും കാടിന് സംഭവിച്ചുകൊണ്ടിരിക്കുന്ന നാശത്തെയും അറിയുക എന്നതായിരുന്ന അന്നത്തെ യാത്രയിലൂടെ പ്രധാനമായും ഉദ്ദേശിച്ചിരുന്നത്. ഇന്ന് കാടിനോട് ചേർന്നുകിടക്കുന്ന ഗ്രാമങ്ങളിലൂടെ സഞ്ചരിച്ച് അവിടെയുള്ള ജനങ്ങളുമായി പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് സംസാരിക്കുന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അന്നും ഇന്നും നടന്ന അനുഭവത്തിൽ നിന്നും തോന്നിയ ഒരു പ്രധാന വ്യത്യാസം ജനങ്ങളുടെ സമീപനമാണ്. അന്ന് കാടുകൾ താണ്ടി ഞങ്ങൾ എത്തിച്ചേർന്ന ഗ്രാമങ്ങളിലെല്ലാം ജനങ്ങൾ ഹൃദയം തുറന്ന സ്വീകരണമാണ് ഞങ്ങൾക്ക് തന്നത്. തുടർന്നുള്ള യാത്രയിൽ വഴിയിൽ വച്ച് കഴിക്കുന്നതിനുള്ള പൊതിച്ചോറ് നാട്ടുകാർ തന്നെ കെട്ടിത്തന്ന അനുഭവം വരെയുണ്ടായിട്ടുണ്ട്. ഇന്ന് പശ്ചിമഘട്ടം സംരക്ഷിക്കണം എന്ന് പറഞ്ഞ് തങ്ങളെ സമീപിക്കുന്ന ഒരു ഗ്രൂപ്പിനെ കുറച്ച് സംശയത്തോടെയാണ് ആളുകൾ നോക്കിക്കാണുന്നത് എന്ന് എനിക്ക് തോന്നി. ഹൃദയം തുറന്ന സമീപനം നമ്മുടെ ഗ്രാമങ്ങൾക്ക് നഷ്ടമായിരിക്കുന്നു. എന്താണ് ഇവരുടെ ഉദ്ദേശമെന്ന ഒരു ഭീതി ജനങ്ങൾക്കുള്ളതുപോലെ അനുഭവപ്പെട്ടു. 25 വർഷത്തിനിടയിൽ കേരളത്തിന് സംഭവിച്ച ഗുരുതരമായ ഒരു മാറ്റമായാണ് ഞാൻ ഇതിനെ കാണുന്നത്.

ഗാഡ്ഗിൽ റിപ്പോർട്ട് വന്നതിനെ തുടർന്ന് കർഷകർ ആശങ്കയിലാണ്, ജീവിതം വഴിമുട്ടും എന്നുള്ള വാർത്തകളാണ് പത്രങ്ങളെല്ലാം നൽകിക്കൊണ്ടിരുന്നത്. എന്നാൽ വയനാട് ജില്ലയിലൊഴികെയുള്ള പല മേഖലയിലും ജീവിതം വഴിമുട്ടുന്നതരത്തിൽ ദരിദ്ര



ചെറുവയൽ രാമൻ യാത്രികരുമായി സംസാരിക്കുന്നു

രായ കർഷകരെയൊന്നും ഞാൻ കണ്ടില്ല. നാണ്യവിളകളെല്ലാം കൃഷിചെയ്തുണ്ടാക്കിയ സമ്പന്നത പല മേഖലകളിലും കാണാൻ കഴിഞ്ഞു. ദരിദ്രകർഷകർ എന്ന് പറയാൻ കഴിയുന്ന ജീവിത സൗകര്യങ്ങളായിരുന്നില്ല മിക്കവരുടേതും. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കിയാൽ അവരെ എങ്ങനെ ബാധിക്കുമെന്ന് എനിക്ക് മനസ്സിലായില്ല. പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്ന കാര്യത്തിൽ ഞങ്ങൾ സംസാരിച്ച ആർക്കും തർക്കമുണ്ടായിരുന്നില്ല. പശ്ചിമഘട്ടം നശിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ അവർ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നുമുണ്ട്. എന്നാൽ ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ചൊന്നും അവർക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നില്ല. അവരോട് അതിനെക്കുറിച്ച് ആരും പറഞ്ഞുകൊടുത്തിട്ടുമില്ല. അവിടെയാണ് നമുക്ക് തെറ്റുപറ്റിയത്? ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് എല്ലാ ചർച്ചകളും നമ്മൾ നഗരങ്ങളിൽ വച്ചാണ് സംഘടിപ്പിച്ചത്, നമ്മുടെ സൗകര്യാർത്ഥം. ആ ചർച്ചകൾ ഈ ജനങ്ങൾക്കിടയിൽ നടത്തിയിരുന്നെങ്കിൽ അവർക്ക് ഇത്രയും സംശയം അക്കാര്യത്തിലുണ്ടാകുമായിരുന്നില്ല. പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് നിറയെ അഭ്യൂഹങ്ങളാണ് അവരുടെ ഇടയിൽ പ്രചരിച്ചിരിക്കുന്നത്. എന്നാൽ മനസ്സുതുറന്ന് സംസാരിക്കാൻ ചെന്നപ്പോൾ അവർ പൂർണ്ണമായും ഞങ്ങളെ സ്വീകരിച്ചു. ആശങ്കകളെല്ലാം പങ്കുവച്ചു. വലിയ അക്രമ സംഭവങ്ങൾ അരങ്ങേറിയ കൊട്ടിയൂരിൽ പോലും നല്ല സ്വീകരണമാണ് ലഭിച്ചത്. നഗരങ്ങളിൽ മാത്രം കേന്ദ്രീകരിച്ച് ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് ചർച്ചചെയ്തവർ ശരിക്കും ഈ ശ്രമമായിരുന്നു നടത്തേണ്ടിയിരുന്നത്.

ഏകവിളത്തോട്ടങ്ങളുടെയും കീടനാശിപ്രയോഗത്തിന്റെയും പ്രശ്നമാണ് ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ടത്. ഒരു ചിത്രശലഭത്തെപ്പോലും കാണാൻ കിട്ടാത്ത സ്ഥലങ്ങളുണ്ടായിരുന്നു. ഫ്യൂറിഡാൻ തളിക്കുന്ന വാഴത്തോട്ടങ്ങളിലെല്ലാം പക്ഷികൾ വളരെ കുറവാണ് വരുന്നത്. അതിന്റെ അപകടം നമ്മൾ അറിയാനിരിക്കുന്നതേയുള്ളൂ. അതേസമയം തന്നെ ജൈവകൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി ആളുകൾ അതിലേക്ക് തിരിയുന്ന സ്ഥലങ്ങളും കണ്ടു. പക്ഷെ അവർക്ക് സർക്കാറിന്റെ ഭാഗത്ത് നിന്നും സഹായങ്ങളൊന്നും ലഭിക്കുന്നില്ല എന്ന് പരാതിയുണ്ട്. പരിസ്ഥിതി നാശത്തിന്റെ അളവുനോക്കുമ്പോൾ ചിലപ്പോൾ നിരാശ തോന്നിയിരുന്നു. പക്ഷെ അങ്ങനെ പ്രതീക്ഷ കൈവിട്ടിട്ട് കാര്യമില്ല. ജനങ്ങളെ വിശ്വാസത്തിലെടുത്ത് അവരെക്കൂടി പരിസ്ഥിതി പ്രവർത്തനത്തിൽ പങ്കാളികളാക്കണം. പ്രത്യേക വേഷത്തിൽ നടക്കുന്ന, പ്രത്യേക ഭക്ഷണം മാത്രം കഴിക്കുന്നവരാണ് പരിസ്ഥിതി പ്രവർത്തകർ എന്ന ചിന്തമാറേണ്ട സമയമായിരിക്കുന്നു. ജനങ്ങളാണ് യഥാർത്ഥ പരിസ്ഥിതി പ്രവർത്തകർ. അവരോട് ചേർന്നുനിൽക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത്. പശ്ചിമഘട്ട സംരക്ഷണത്തിനായി എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിക്കുന്ന ഒരുപാട് നല്ല മനുഷ്യരെ പോകുന്ന വഴികളിൽ കാണാനിടയായി. അവരെ മുൻ നിർത്തിയാണ് ഇനി പരിസ്ഥിതി പ്രവർത്തനങ്ങൾ മുന്നോട്ട് പോകേണ്ടത്. ആ നാട്ടിൽ അവർക്കുള്ള വിശ്വാസ്യത നമുക്ക് അവിടെപ്പോയി നേടിയെടുക്കാൻ പ്രയാസമാണ്. നാട്ടിൽ സ്വീകാര്യതയുള്ള അവരുടെ മുൻകൈയിൽ പ്രവർത്തനങ്ങൾ നടക്കട്ടെ. കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരുടെ പുറമെ നിന്നുള്ള പിന്തുണകൾ സ്ഥിരമായി അവർക്കുണ്ടാകണം എന്നുമാത്രം.

വീട് നിർമ്മാണത്തിന്റെ കാര്യത്തിൽ നമ്മൾ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് എനിക്ക് യാത്രയിൽ തോന്നിയത്. ആഡംബര വീടുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. രണ്ട് പേർക്ക് താമസിക്കാൻ പത്ത് മുറിയുള്ള വീട് പണിയുന്ന കാലമാ

ണിത്. കാശുണ്ടെങ്കിൽ ഇഷ്ടമുള്ള രീതിയിൽ വീടുപണിയും എന്ന് ചിന്തിക്കുന്നത് തെറ്റാണ്. അതിനുള്ള വിഭവങ്ങൾ നമുക്കില്ല. വൈകാതെതന്നെ പാറയും മണലുമെല്ലാം കേരളത്തിൽ കിട്ടാതെയാകും. കേരളം വളരെ ചെറിയ സ്ഥലമാണെന്നും നമുക്ക് പോകാൻ കഴിയുന്നതിന് ഒരു പരിധിയുണ്ടെന്നും ഇടയ്ക്കിടെ ഓർക്കുന്നത് നല്ലതാണ്.

യുവാക്കളുടെ സാന്നിധ്യമാണ് യാത്രയിൽ ഏറ്റവും സന്തോഷിപ്പിക്കുന്ന കാര്യം. അതുകൊണ്ടുതന്നെ ചർച്ചകളിലെല്ലാം പുതിയ കാഴ്ച്ചപ്പാടുകൾ കേൾക്കാൻ കഴിയുന്നുണ്ട്. ജനങ്ങളുമായുള്ള സംവാദം അവരുടെ ജീവിതത്തിലും വലിയ മാറ്റങ്ങൾ കൊണ്ടുവരും. കേരളത്തിലെ പരിസ്ഥിതി പ്രവർത്തനം പുതിയ ഭാഷയിൽ സംസാരിക്കാൻ തുടങ്ങും. സാധാരണക്കാരന് മനസ്സിലാകുന്ന രൂപത്തിൽ പരിസ്ഥിതി വിഷയങ്ങൾ അവരോട് സംസാരിക്കാൻ ചെറുപ്പക്കാർ ശ്രമിക്കുന്നത്. അത് ഒരു നല്ല പരിശീലനമാണ്. പരിസ്ഥിതി വിഷയങ്ങളുടെ ഭാഷ സാധാരണക്കാരുമായി സംവദിക്കുന്ന ഭാഷയല്ല എന്നൊരു ധാരണ ഇവിടെയുണ്ടായിരുന്നു. അത് മാറിവരുകയാണ്. വയനാട് വച്ച് പരമ്പരാഗത നെൽവിത്തിനങ്ങൾ സംരക്ഷിക്കുന്ന ആദിവാസി മൂപ്പൻ ചെറുവയൽ രാമേട്ടന്റെ അടുത്ത് ഞങ്ങൾ പോയിരുന്നു. അദ്ദേഹം സംസാരിക്കുന്ന പരിസ്ഥിതി ശാസ്ത്രം ആർക്കും വേഗത്തിൽ മനസ്സിലാകും. അത്തരത്തിലുള്ള ഒരു സംവേദനരീതിയാണ് നമ്മൾ വികസിപ്പിച്ചെടുക്കേണ്ടത്. ■

# കാലാവസ്ഥാ വ്യതിയാനം കർഷകർ അറിഞ്ഞുതുടങ്ങി

**സലീഷ് പൊയിൽക്കാവ്**
(പ്ലസ്ടു വിദ്യാർത്ഥി, യാത്രികൻ)

**ആദ്യമായാണ്** ഇത്തരത്തിലുള്ള ഒരു പരിപാടിയിൽ പങ്കെടുക്കുന്നത്. റോഡ് മാർഗ്ഗം കാൽനടയായി സഞ്ചരിച്ച് റോഡരികിലുള്ള വീടുകളിൽ കയറി സംസാരിക്കുക എന്നതായിരുന്നു രീതി. എന്നാൽ എനിക്ക് ആ രീതിയോട് വിയോജിപ്പുണ്ടായിരുന്നു. പ്രായോഗികമായി അത് ശരിയായിരിക്കാം. എന്നാൽ റോഡിൽ നിന്നും കുറച്ചുകൂടി ഉള്ളിലേക്ക് പോയി ആളുകളോട് സംസാരിക്കുന്നത് നല്ലതാണ് എന്ന് എനിക്ക് തോന്നി. അവരുടെ അനുഭവങ്ങൾ വ്യത്യസ്തമായിരിക്കും. ദുരിതങ്ങളനുഭവിക്കുന്ന കർഷകരെ കാണണമെങ്കിൽ കുറച്ചുകൂടി ഉള്ളിലേക്ക് പോകണം. ഞാൻ പലപ്പോഴും ഗ്രൂപ്പിൽ നിന്നും മാറി ഉള്ളിലേക്ക് പോകാൻ ശ്രമിച്ചിരുന്നു. അതിന്റേതായ അനുഭവങ്ങളുമുണ്ടായി. കൊട്ടിയൂരിൽ പാലുകാച്ചി മല എന്നൊരു മലയുണ്ട്. ഞാൻ അതിന്റെ മുകളിൽ കയറി. അവിടെ വിജയൻ എന്നൊരു കർഷകനെ പരിചയപ്പെട്ടു. കണ്ണൂർ ജില്ലയിൽത്തന്നെ ഏറ്റവും ഉയരമുള്ള സ്ഥലത്ത് കൃഷിചെയ്യുന്ന ആളാണ് ഇദ്ദേഹം. പശ്ചിമഘട്ട മലനിരകളുടെ സേവനം കൊണ്ടാണ് കൃഷി നിലനിൽക്കുന്നതെന്ന് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ട്. വിത്തിട്ടാൽ വിളവുകിട്ടണമെങ്കിൽ പ്രകൃതി സംരക്ഷിക്കണമെന്ന് അറിയുന്നവരാണ് ഞാൻ പരിചയപ്പെട്ട കർഷകരെല്ലാം. വിജയന് 75 വയസ്സായി. 50 വർഷമായി ആ സ്ഥലത്ത് അദ്ദേഹം കൃഷി ചെയ്യുന്നുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പേരിൽ കൊട്ടിയൂരിൽ കലാപമുണ്ടാക്കിയതൊന്നും കർഷകരല്ലെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. കലാപം നടന്ന ദിവസത്തിന് മുമ്പ് കളക്ടർ മീറ്റിംഗ് വിളിച്ചുകൂട്ടുകയും റിപ്പോർട്ടിന്റെ പേരിൽ കർഷകദ്രോഹപരമായ ഒരു നടപടിയും ഉണ്ടാവുകയില്ലെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ കർഷകർ കലാപമുണ്ടാക്കാനുള്ള സാധ്യത കുറവാണ്. ക്വാറി ഉടമകളാണ് കുഴപ്പമുണ്ടാക്കിയതെന്നാണ് വിജയൻ കരുതുന്നത്.

ആറളത്തും ഞാൻ അതുപോലെ ഒരുപാട് ഉള്ളിലേക്ക് പോയി. ആറ് വീടുകളുള്ള ഒരു ആദിവാസി കോളനിയിലെത്തി. സ്ത്രീകൾ മാത്രമായിരുന്നു അവിടെയുണ്ടായിരുന്നത്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് അഭിപ്രായം ചോദിച്ചപ്പോൾ അവർ എന്നെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചു. അതുവഴി വന്ന അവരുടെ ഒരു മൂപ്പനാണ് എന്നെ രക്ഷിച്ചത്. രാഷ്ട്രീയക്കാർ വന്ന് ഭീതിപരത്തിയിരിക്കുന്നതുകൊണ്ടാണ് അവർ അങ്ങനെ പെരുമാറിയതെന്ന് അദ്ദേഹം പറഞ്ഞു. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പേരിലുണ്ടായ മറ്റൊരു ദുരന്തം വയനാട്ടിൽ നടക്കുന്ന വ്യാപകമായ മരം മുറിയാണ്. അതും നേരിൽ കാണാൻ കഴിഞ്ഞു. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പി